സംസ്ഥാനത്ത് 25-8-2015-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഈ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ വിജയകരമായി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി നടപ്പിലാക്കുന്നതുവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം തൊഴിലാളികൾക്ക് യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും കൂടാതെ തൊഴിലാളികൾക്ക് വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാകുന്നതിനും കഴിയുന്നതാണ്.

(സി) വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനായി 1958-ലെ മിനിമം വേതന ചട്ടങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള വിജ്ഞാപനം സർക്കാരിന്റെ 8-7-2015-ലെ സ.ഉ. (അച്ചടി) നമ്പർ 84/2015/തൊഴിൽ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കെൽട്രോണുമായി സഹകരിച്ച് പ്രസ്തുത പദ്ധതിക്കായി ഒരു സോഫ്റ്റ്വെയർ വികസിപ്പിക്കുകയും ആയത് നടപ്പാക്കുന്നതിനായി നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകൾ, സ്വകാര്യ തൊഴിലുടമാ പ്രതിനിധികൾ എന്നിവരുമായി ചർച്ച നടത്തുകയും 16 ബാങ്കുകളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

അന്യസംസ്ഥാന തൊഴിലാളികൾ

273 (962) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അന്യസംസ്ഥാന തൊഴിലാളികൾ പണിയെടുക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ ;

(ബി) പ്രസ്തുത തൊഴിലാളികൾക്ക് തിരിച്ചറിയൽ കാർഡുകൾ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) പ്രസ്തുത തൊഴിലാളികളുടെ താമസസ്ഥലങ്ങളിൽ ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഉറപ്പുവരുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ആസ്ഥാനമായുള്ള ഗ്രോത്ത് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ പഠന പ്രകാരം സംസ്ഥാനത്ത് ഏകദേശം 25 ലക്ഷത്തോളം ഇതര സംസ്ഥാന തൊഴിലാളികളുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ നിലവിൽ തൊഴിൽ വകുപ്പിന്റെ പക്കൽ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഇതര സംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡ് നൽകിവരുന്നുണ്ട്. ടി വിഭാഗത്തിൽപ്പെട്ട എല്ലാ തൊഴിലാളികൾക്കും യൂണീക് ഐ.ഡി. കാർഡ് വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലാണ്.

(സി) 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൺ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) നിയമ പ്രകാരവും 1979-ലെ അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമ പ്രകാരവും നിർമ്മാണ മേഖലയിൽ തൊഴിലാളികൾ പണിയെടുക്കുന്ന തൊഴിലിടങ്ങളിലും താമസ സ്ഥലങ്ങളിലും പരിശോധന നടത്തി താമസ സ്ഥലങ്ങളിലാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. നിയമ ലംഘനങ്ങൾ നടത്തുന്ന തൊഴിൽ ഉടമ, കരാറുകാർ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ, നിരോധന ഉത്തരവ് തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

ക്ഷേമ പെൻഷൻ കുടിശ്ശിക

274 (963) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലാളികൾക്കായി ഏതൊക്കെ ക്ഷേമ പെൻഷനുകളാണ് വകുപ്പു മുഖേന നടപ്പിലാക്കിയിട്ടുള്ളതെന്നും എത്ര തുക വീതമാണ് പെൻഷൻ നൽകുന്നതെന്നും വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമ പെൻഷനുകളിൽ ഉണ്ടായ പ്രതിമാസവർദ്ധനവ് എത്രയെന്ന് വിശദമാക്കാമോ ;

(സി) ഏത് മാസം വരെയുള്ള പെൻഷൻ വിതരണം നടന്നിട്ടുണ്ടെന്നും ഓരോ ഇനത്തിലും എത്ര തുക കുടിശ്ശികയായി ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട കശുവണ്ടി തൊഴിലാളി ക്ഷേമനിധി പെൻഷൻ, കൈത്തറി തൊഴിലാളി ക്ഷേമനിധി പെൻഷൻ, ഈറ്റ തഴ കാട്ടുവള്ളി ക്ഷേമനിധി പെൻഷൻ, തയ്യൽ തൊഴിലാളി ക്ഷേമനിധി പെൻഷൻ, ചുരുട്ട് തൊഴിലാളി ക്ഷേമനിധി പെൻഷൻ, ബീഡി തൊഴിലാളി ക്ഷേമനിധി പെൻഷൻ, അലക്ക് തൊഴിലാളി ക്ഷേമനിധി പെൻഷൻ, ബാർബർ തൊഴിലാളി ക്ഷേമനിധി പെൻഷൻ, അസംഘടിത തൊഴിലാളി ക്ഷേമനിധി പെൻഷൻ, മരംകയറ്റ തൊഴിലാളി അവശതാ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവ പ്രതിമാസം 600 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly